**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2052** **06-07-2022 - ൽ മറുപടിയ്ക്ക്**

**റാന്നി ജുഡീഷ്യൽ കോംപ്ലക്സ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പത്തനംതിട്ട ജില്ലയിൽ റാന്നിയിലെ കോടതികൾക്ക് അനുവദിച്ച ജുഡീഷ്യൽ കോംപ്ലക്സ് നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | പത്തനംതിട്ട ജില്ലയിൽ റാന്നിയിൽ നിർമ്മിക്കുന്ന കോടതി സമുച്ചയത്തിന് കിഫ്ബിയിൽനിന്നും 18.43 കോടിയുടെ സാമ്പത്തികാനുമതി ലഭിച്ചതിനെത്തുടർന്ന് പ്രസ്തുത പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ടി തുക 2016 ഷെഡ്യൂൾ പ്രകാരം ആയിരുന്നു. സാമ്പത്തിക അനുമതി ലഭിച്ചശേഷം ഷെഡ്യൂൾ റിവിഷൻ വരികയും ടി കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് ഹരിത ചട്ടം പാലിക്കണമെന്ന് കിഫ്ബി നിഷ്കർഷിക്കുകയും ചെയ്തതിനാൽ ടി എസ്റ്റിമേറ്റ് 2018 ഷെഡ്യൂൾപ്രകാരം പുതുക്കി ചെയ്യുകയും ഹരിത ചട്ടം പാലിക്കുന്നതിന് ആവശ്യമായ കാര്യങ്ങൾകൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് നൽകുന്നതിന് SPV ആയ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ കെട്ടിട സമുച്ചയം നിർമ്മിക്കുന്നത് ഹരിത ചട്ടം പാലിച്ചാണ്. GRIHA (Green Rating for Integrated Habitat Assessment) യുടെ 3 സ്റ്റാർ റേറ്റിംഗ് ലഭിക്കുന്നതിനായിട്ടുള്ള പ്രവൃത്തികളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി ടി കെട്ടിടം ഹരിതചട്ടം പാലിച്ച് നിർമ്മിക്കുന്നതിന് GREEN TREE എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി നിയമിക്കുകയും GREEN TREE യുടെ പ്രാരംഭ ഘട്ട റിപ്പോർട്ട് 29.03.2022-നും അവസാന ഘട്ട റിപ്പോർട്ട് 21.06.2022-നും ലഭ്യമായിട്ടുണ്ട്. GRIHA യുടെ രജിസ്ട്രേഷൻ എടുത്തു ചെയ്യുന്ന ആദ്യ പദ്ധതികളിൽ ഒന്നാണ് റാന്നി കോടതി സമുച്ചയം. ഈ പ്രവർത്തി തുടങ്ങുന്നതിനായി കെട്ടിട നിർമ്മാണ അനുമതി, ഫയർ NOC തുടങ്ങിയവ ലഭിച്ചു കഴിഞ്ഞു. |
| (ബി) | പ്രസ്തുത കെട്ടിടം പി.ഡബ്ല്യു.ഡി. (കെട്ടിട വിഭാഗം) വഴി സമയബന്ധിതമായി പൂർത്തിയാക്കുവാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; കെട്ടിട | (ബി) | കോടതി പണിയേണ്ട സ്ഥലത്ത് നിലവിലെ പഴയ കെട്ടിടം പൊളിച്ചു മാറ്റേണ്ടതായിട്ടുണ്ട്. ആയതിന് പി.ഡബ്ല്യൂ.ഡിയിൽ നിന്ന് സർവ്വേ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ പ്രവർത്തിക്കുന്ന |

| | | | |
|---|---|---|---|
| | നിർമ്മാണം പൂർത്തീകരിക്കുവാൻ എന്തെങ്കിലും തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | മജിസ്ട്രേറ്റ് കോടതി മറ്റൊരു സ്ഥലത്തേക്ക് മാറ്റുന്നതിനായി പി.ഡബ്ല്യൂഡി കണ്ടെത്തിയ സ്ഥലത്ത് ചില പ്രവർത്തികൾ ചെയ്യേണ്ടതുണ്ട്. ആയതിന് 12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പി.ഡബ്ല്യൂഡി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രവർത്തികൾ ചെയ്ത് കോടതി മാറ്റി സ്ഥാപിച്ചാൽ മാത്രമേ പുതിയ കെട്ടിടം നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ